**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4635** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ വിഭാഗത്തിലെ ഭിന്നശേഷിക്കാർക്കായി കാറ്റാടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന കാറ്റാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ശാരീരികവും സാമൂഹികവുമായ പുനരധിവാസം ലക്ഷ്യമാക്കി പട്ടികവർഗ വികസന വകുപ്പും, Composite Regional Centre for Skill Development, Rehabilitation & Empowerment of Person with Disabilities Kozhikode (CRC-K) യും സംയോജിതമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് Kerala Accelerated Tribal Ability Development & Inclusion Initiative (KATADI) ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ/വെല്ലുവിളികൾ തരണം ചെയ്യുന്നതിനായി ആധുനിക നിലവാരമുള്ള സഹായക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ വൈകല്യങ്ങളെക്കുറിച്ചുള്ള അവബോധം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനും വൈകല്യങ്ങൾ നേരത്തേ തിരിച്ചറിഞ്ഞ് നേരത്തേയുള്ള ഇടപെടൽ നടത്തുന്നതിന് സഹായകമായ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഏകദേശം 1000 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 75 ലക്ഷം രൂപ വിലവരുന്ന സഹായക ഉപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ